# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1542
### 04/10/2016-ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷനുകളുടെ വിതരണം**

**ചോദ്യം**
ശ്രീ. കെ.ദാസൻ

**ഉത്തരം**
ഡോ. ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഈ സർക്കാർ വന്നതിന് ശേഷം വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ നടത്തിയ ഇടപെടലുകളും, ഇത് വഴി ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതിയും വിശദമാക്കാമോ? | ഈ സർക്കാർ വന്നതിന് ശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഏറ്റവും കുറഞ്ഞ പ്രതിമാസനിരക്ക് ആയിരം രൂപയായി വർദ്ധിപ്പിക്കുകയും ടി തുക നേരിട്ട് ഗുണഭോക്താക്കളുടെ വീട്ടുകളിൽ എത്തിക്കുമെന്ന് പ്രഖ്യാപിക്കുകയും ആയതിലേക്കായി കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയുമുണ്ടായി. സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണബാങ്കുകൾ / പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ / മറ്റ് വായ്പാ സഹകരണസംഘങ്ങൾ എന്നിവ വഴി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നേരിട്ട് ഗുണഭോക്താക്കളുടെ വീട്ടുകളിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി. പന്ത്രണ്ട് മാസത്തോളം കുടിശ്ശികയായിരുന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതാണ്ട് കുടിശ്ശിക തീർത്ത് വിതരണം ചെയ്തു. അവതാളത്തിലായിരുന്ന പെൻഷൻ വിതരണം കൃത്യമാക്കുന്നതിനും അനർഹരെ ഒഴിവാക്കി ലിസ്റ്റ് ക്രമപ്പെടുത്തുന്നതിനുമുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ